# MODEL QUESTION PAPER
## BASED ON NEW TEXT
## CLASS - II സമയം : 2 മണിക്കൂർ, മാർക്ക് :45, സി.ഇ. മാർക്ക് : 5

**I. പേര് പറയുക** (5 x 1 = 5)

1. ദൈവം ആദാമിനെയും ഹവ്വയെയും പാർപ്പിച്ചത് എവിടെ ?
2. യേശു ചെയ്ത ആദ്യത്തെ ആത്ഭുതം ഏത്?
3. അബ്രഹാം ഇസഹാക്കിനെ ബലികഴിക്കുവാൻ കൊണ്ടുപോയ സ്ഥലം ഏത്?
4. യേശുവിനെ മാമ്മോദീസ മുക്കിയ നദിയേത്?
5. യഹൂദന്മാരുടെ രാജാവായി പിറന്നവൻ ആര്?
6. ആദാമിന്റെ മക്കൾ ആരെല്ലാം?
7. വി.സഭയുടെ പ്രധാന തലവന്മാരായിരുന്നവരിൽ ഒരു വിശുദ്ധന്റെ ചിത്രമാണ് താഴെ കാണുന്നത്. ആ വിശുദ്ധന്റെ പേര് പറയുക. ( പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ)

**II. പൂരിപ്പിക്കുക** (5 x 1 = 5)

1. ....................... എന്റെ കണ്ണ് കണ്ടുവല്ലോ.
2. ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ .......................
3. വി. സഭയുടെ സ്ഥാപകൻ ....................... ആകുന്നു.
4. അബ്രാഹാം ....................... എന്ന് അറിയപ്പെടുന്നു.
5. യോഹന്നാൻ സ്നാപകന്റെ ഉടുപ്പ് ....................... കൊണ്ടുള്ളതായിരുന്നു.
6. സഹോദരനെ സ്നേഹിക്കുന്നവൻ ....................... ൽ വസിക്കുന്നു.
7. യേശു എന്നാൽ ....................... എന്നാകുന്നു അർത്ഥം.

**III. ആര് ആരോട് പറഞ്ഞു** (2 x 2 = 4)

1. “കോരിയെടുത്ത് പന്തിപ്രമാണിക്ക് കൊണ്ടുപോയിക്കൊടുപ്പിൻ”
2. “ദൈവം കരുതിക്കൊള്ളും”
3. “സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ”

**IV. ഉത്തരം പറയുക** (7 x 2 = 14)

1. ‘നക്ഷത്രം കണ്ട വിദ്വാന്മാർ’ എന്ന പാഠത്തിന്റെ അവസാനം കൊടുത്തിട്ടുള്ള സുകൃത പരിശീലനം ഓർക്കുന്നില്ലേ. ഈയിടെ നിങ്ങൾ ചെയ്ത ഒരു പുണ്യ പ്രവൃത്തി വിശദീകരിക്കൂ. (ആവശ്യമെങ്കിൽ ടീച്ചർക്ക് ഒരു ഉദാഹരണം നൽകാം)
2. യാഗത്തിന് ഒരുങ്ങിയ അബ്രാഹാമിനോട് ദൈവം കല്പിച്ചതെന്ത്?
3. ത്രീയേക ദൈവം എന്നാലെന്ത്?
4. പള്ളിയിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥനയേത്?
5. ചിത്രം ശ്രദ്ധിക്കൂ. - ഇവിടെ ഹവ്വ എന്താണ് പറയുന്നത്? (പേജ് 12 ഹവ്വ സംസാരിക്കുന്ന ചിത്രം)
6. ദൈവമാതാവിനോടുള്ള ഒരു പ്രാർത്ഥനാഗീതം ചൊല്ലുക
7. കായേനും ഹാബേലും പാഠം പഠിച്ചല്ലോ; ആരുടെ വഴിപാടിലാണ് ദൈവം പ്രസാദിച്ചത്? എന്തുകൊണ്ട്?
8. ദൈവം നമ്മെ രക്ഷിക്കുന്നതിന് നാം എന്തെല്ലാം ചെയ്യണം (നാലെണ്ണം പറയുക)
9. ചിത്രം ശ്രദ്ധിക്കൂ. സന്ദർഭം പറയൂ.

**V. ആരാധനാഗീതം ചൊല്ലുക** (1 x 4 = 4)

പരിശുദ്ധന്മാരേ നിങ്ങൾ ..................................................... മായിച്ചീടേണം

**VI. പ്രാർത്ഥന ചൊല്ലുക** (1 x 4 = 4)

കൃപനിറഞ്ഞ മറിയമേ! നിനക്ക് സമാധാനം ........................................... ആമ്മീൻ

**VII. നിറം കൊടുക്കുക** (പേജ് 58 ലെ ചിത്രം) (1 x 4 = 4)

**VIII.** നിങ്ങൾക്ക് ഒരു സഹോദരൻ ഉണ്ടെന്നിരിക്കട്ടെ. ഏതെല്ലാം വിധത്തിൽ ആ സഹോദരനെ നിങ്ങൾ സഹായിക്കും? (5 കാര്യങ്ങൾ പറയുക) (1 x 5 = 5)

# MJSSA
# MODEL QUESTION PAPER
## BASED ON NEW TEXT

**CLASS - III** സമയം : 2 മണിക്കൂർ, മാർക്ക് :45, സി.ഇ. മാർക്ക് : 5

**I. പേര് പറയുക** (5 x 1 = 5)

1. ഏത് പർവ്വതത്തിലാണ് നോഹയുടെ പെട്ടകം ഉറച്ചത്?
2. അബ്രാഹാമിന്റെ ഭാര്യയുടെ പേരെന്ത്?
3. 'ഏവൻഗേല്യോൻ' എന്ന വാക്കിന്റെ അർത്ഥം?
4. സുഖാർ എന്ന ശമര്യാപട്ടണത്തിൽ ഉണ്ടായിരുന്ന കിണർ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?
5. സ്വപ്ന വ്യാഖ്യാനം നടത്തുവാൻ ഔസേഫിന് കഴിവുണ്ടെന്ന് ആരാണ് രാജാവിനോട് പറഞ്ഞത്?
6. സാത്താന്റെ മറ്റൊരു പേര്?
7. യഹൂദസ്കറിയോത്തക്ക് പകരം തെരഞ്ഞെടുത്ത ശ്ലീഹയുടെ പേരെന്ത്?

**II. പൂരിപ്പിക്കുക** (5 x 1 = 5)

8. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും ....................... എന്നാകുന്നു എന്റെ കല്പന.
9. മോശെ ഇസ്രായേൽ ജനത്തെ മോചിപ്പിച്ച് ....................... ദേശത്തേക്ക് യാത്ര തിരിച്ചു.
10. ആത്മാവിനെ നിലനിർത്തുവാൻ ....................... ആകുന്ന ജീവജലം കുടിക്കണം.
11. പരി. സഭയിൽ ....................... വി. കൂദാശകൾ ഉണ്ട്.
12. എന്നെ രക്ഷിച്ച കർത്താവിനെ ഞാൻ .......................
13. ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം .................... നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം?
14. ശ്ലീഹോ എന്ന വാക്കിന്റെ അർത്ഥം ....................... എന്നാകുന്നു.

**III. ഉത്തരം പറയുക** (10 x 2 = 20)

15. 'ജലപ്രളയം' ആദ്യത്തെ നാലുവരി കാണാതെ ചൊല്ലുക.
16. ദൈവസ്നേഹം നമുക്ക് എങ്ങനെയെല്ലാം പ്രകടിപ്പിക്കാം?
17. യൗസേഫിനെ ഫറവോ രാജാവ് ആദരിച്ചതെങ്ങനെ?
18. യേശു ശിശുക്കളെ സ്നേഹിക്കുന്നുവെന്ന് വ്യക്തമാക്കുന്ന സന്ദർഭം പറയുക.
19. വി. കൂദാശകൾ ഏതെല്ലാം?
20. ചിത്രം ശ്രദ്ധിക്കൂ ? ( പേജ് 20 , രണ്ടാമത്തെ ചിത്രം) പാനപാത്ര വാഹകന്റെ സ്വപ്നം എന്തായിരുന്നു ?
21. പ്രലോഭകനായ സാത്താനെ നമുക്ക് എങ്ങനെയെല്ലാം തോല്പിക്കാം (4 എണ്ണം)
22. എന്തുകൊണ്ടാണ് അബ്രഹാമും ലോത്തും സമ്പത്ത് പങ്കുവച്ചത്?
23. യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ 4 പേരുടെ പേരു പറയുക.
24. ദൈവവചനമാകുന്ന ജീവജലം നമ്മിൽ ഉണ്ടാകുമ്പോൾ മറ്റുള്ളവർ നമ്മിൽ കാണുന്ന ഗുണങ്ങൾ എന്തെല്ലാമെന്ന് ചിത്രം നോക്കി പറയുക. (4 എണ്ണം)
25. യേശുവിനെ പരീക്ഷിക്കാൻ വന്ന സാത്താനെ യേശു എങ്ങനെയാണ് നേരിട്ടത്?
26. ചിത്രം കാണൂ.
    വെള്ളപ്പൊക്കത്തിൽ സകലതും നഷ്ടപ്പെട്ട ഇവർക്ക് നിങ്ങൾ എന്തെല്ലാം സഹായം ചെയ്യും? (4 എണ്ണം)
27. 'ജലം അമൂല്യമാണ് അത് പാഴാക്കരുത്' ഇതു പാലിക്കാൻ വീട്ടിലും ചുറ്റുവട്ടത്തും എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് ചെയ്യാനാകും?(4 എണ്ണം)

**IV. ആരാധനാഗീതം ചൊല്ലുക** (1 x 5 = 5)

28. യജമാനൻ വരുമന്നേരം .................................................... ചൂടും മകുടത്തിൽ

**V. പ്രാർത്ഥന ചൊല്ലുക** (1 x 5 = 5)

29. കരുണകൾ നിറഞ്ഞിരിക്കുന്നവനേ .................................................. പറയുമാറാകണമേ. ആമ്മീൻ

**V. പ്രസംഗം പറയുക** (1 x 5 = 5)

30. 'ദൈവം സ്നേഹമാകുന്നു'/ 'ഞാൻ നേതാവായാൽ' ഇവയിൽ ഏതെങ്കിലും ഒരു വിഷയത്തെ അടിസ്ഥാനമാക്കി പ്രസംഗം പറയുക.